കാഴ്ചപ്പാട് ●

ശിഹാബ് പൂക്കോട്ടൂർ

# പർദപ്പേടിയുടെ രാഷ്ട്രീയം

**‘കേരളത്തിലെ** കാമ്പസുകൾക്ക് അതിന്റെ മതേതര സ്വഭാവം നഷ്ടപ്പെട്ടിരിക്കുന്നു. മതനിരപേക്ഷ മൂല്യങ്ങൾ ഏറെ മാനിച്ചിരുന്ന സ്ഥലങ്ങളിൽ മതചിഹ്നങ്ങൾ സ്ഥാനം പിടിച്ചിരിക്കുന്നു. മഫ്തകൾ വ്യാപിക്കുകയും അതിനെ അഭിമാനത്തിന്റെ ചിഹ്നമായി അണിയുകയും ചെയ്യുന്നു.’ ഒരു പ്രമുഖ ഇടതുപക്ഷ ബുദ്ധിജീവിയുടെ നിരീക്ഷണമാണിത്. അപരവത്കരണത്തിന്റെ മതവും ജാതിയും എന്ന വിഷയത്തിൽ തിരൂരിൽ സംഘടിപ്പിക്കപ്പെട്ട സെമിനാറിൽ പങ്കെടുത്ത് ഒരു ബി.ജെ.പി നേതാവ് പറഞ്ഞതിങ്ങനെയാണ്: ‘കേരളത്തിലെ വളർന്നുവരുന്ന തലമുറയിൽ അഭ്യസ്ത വിദ്യരായ വർഗീയവാദികളെ സൃഷ്ടിക്കുന്നത് ജമാഅത്തെ ഇസ്‌ലാമിയാണ്’. ഈ രണ്ട് നിരീക്ഷണങ്ങളും കേന്ദ്രീകരിക്കുന്ന ഒരു ബിന്ദുവുണ്ട്. വിജ്ഞാന മൂലധനം കരസ്ഥമാക്കാൻ ശ്രമിക്കുന്ന ന്യൂനപക്ഷ, പിന്നാക്ക സമുദായത്തിനെതിരെയുള്ള മതനിരപേക്ഷതയുടെയും അതിൽ ഉള്ളടങ്ങിയിട്ടുള്ള ‘മത’ത്തിന്റെയും അസഹിഷ്ണുതയാണ് ഇതിലൂടെ മറനീക്കി പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. ഇത് പുതുതലമുറയുടെ ഭീതിദമായ ഒരു മാറ്റമായിട്ടാണ് ഇവിടെ നിരീക്ഷിക്കപ്പെടുന്നത്. പുരോഗമന നാട്യവും സംഘ്പരിവാർ മൂല്യങ്ങളും ചേർന്ന് അഴിഞ്ഞാടിയ നിരവധി സന്ദർഭങ്ങൾ ഇന്ത്യൻ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. അതിലേറ്റവും വലിയ രണ്ട് ഉദാഹരണങ്ങളായിരുന്നു ശരീഅത്ത് വിവാദവും മണ്ഡൽ വിരുദ്ധ പ്രക്ഷോഭവും. എത്രമേൽ പിന്നാക്ക വിരുദ്ധമാണ് ഹിന്ദുത്വവും അതിന്റെ അനുബന്ധ ദേശ നിർമിത വ്യവഹാരങ്ങളുമെന്ന് അതിലൂടെ ബോധ്യപ്പെട്ടതാണ്. കേരളത്തിൽ ലൗ ജിഹാദ് വർഗീയ ഫാഷിസ്റ്റുകൾ വ്യാപകമായി പ്രചരിപ്പിച്ചപ്പോൾ എസ്.എഫ്.ഐയുടെ സംസ്ഥാന സെക്രട്ടറി പത്രസമ്മേളനത്തിൽ പറഞ്ഞത്, ലൗ ജിഹാദ് കേരള



ത്തിലെ കലാലയങ്ങളിലില്ല എന്നല്ല മറിച്ച്, കാമ്പസുകളിൽ മത മൗലികവാദികൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു എന്നാണ്. ഇവിടെയും ഈ ഐക്യപ്പെടലുകൾ നമുക്ക് കാണാൻ കഴിയും.

പർദയെയും ശിരോവസ്ത്രത്തെയും പാശ്ചാത്യർ അപരചിഹ്നങ്ങളായിട്ടാണ് കാണുന്നത്. ഇത്തരം വസ്ത്രങ്ങളോട് വംശീയമായൊരു വെറുപ്പ് വ്യാപകമായി അവിടങ്ങളിൽ രൂപകൽപന ചെയ്തിട്ടുണ്ട്. ടോയ്‌ലറ്റിന്റെ ആകൃതി വരെ മഫ്തയിട്ട പെൺകുട്ടിയുടേത് പോലെ ഇമേജ് ചെയ്യാൻ അവരെ പ്രേരിപ്പിച്ചതും ഈ വികാരം തന്നെയാണ്. ഇന്ത്യൻ മാധ്യമങ്ങൾ ഏറ്റുപിടിച്ചതും ഈ ഇമേജുകളെയായിരുന്നു. കൊളോണിയൽ ഇമേജുകളാണ് ഇവിടത്തെ മുസ്‌ലിംകളെയും അവരുടെ ചിഹ്നങ്ങളെയും അപരവത്കരിക്കാൻ തുടങ്ങിയത്. മലയാള മാധ്യമങ്ങളുടെ ജാതി വളരെ വ്യക്തമായ സന്ദർഭമായിരുന്നു സൂഫിയാ മഅ്ദനിക്കെതിരെയുള്ള മുറവിളികൾ. ഇത് സൂഫിയാ എന്ന വ്യക്തിയിൽ ഒതുങ്ങിനിൽക്കാതെ അവർ ധരിക്കുന്ന പർദക്കെതിരെ നെഗറ്റീവ് ഇമേജ് വളർത്താനും ശ്രമിച്ചു. ഇതിന്റെ അനുരണനങ്ങളാണ് ഇപ്പോൾ കേരളത്തിൽ പോലും മഫ്തക്കെതിരെയും പർദക്കെതിരെയും ഹിംസാത്മകമായ നടപടികളെടുക്കാൻ വളരെയെളുപ്പത്തിൽ സാധിക്കുന്നത്. ആലപ്പുഴയിലെ ബിലിവേഴ്സ് സ്കൂളിൽ മഫ്തയിട്ട പെൺകുട്ടിയെ പുറത്താക്കിയതും തൊടുപുഴയിൽ പ്രവാചകനിന്ദ നടത്തിയതും മഫ്ത ധരിച്ച അധ്യാപികയുടെ നേരെ രോഷത്തോടെ പ്രതികരിക്കുന്നതും അത് പിടിച്ച് വലിച്ചെറിയുന്നതും നേരത്തെ തന്നെ സമൂഹത്തിൽ നിർമിച്ചെടുത്ത വാർപ്പു മാതൃകകൾ വളർന്നു വികസിക്കുമ്പോഴാണ്.

പൊതുമണ്ഡലത്തിൽ ദാസ്യപ്പണി ചെയ്യുന്ന എഴുത്തുകാരും ഈ മൂല്യങ്ങളിൽ ഒന്നിക്കുന്നതായി കാണാൻ സാധിക്കും. ഹമീദ് ചേന്ദമംഗല്ലൂരിന്റെയും എം.എൻ കാരശ്ശേരിയുടെയും പർദയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ സംഘ്പരിവാർ/ പുരോഗമന നാട്യങ്ങളിൽനിന്ന് ഭിന്നമാകുന്നില്ല. 'പർദ ധരിക്കുന്നത് മതതീവ്രവാദമായും' (ഹമീദ് ചേന്ദമംഗല്ലൂർ, പർദയുടെ മനഃശാസ്ത്രം) 'ആകെ മൂടിപ്പുതച്ച് കൊണ്ട് കൂടെ നടക്കുന്നത് സ്വന്തം ഭാര്യയാണോ മറ്റു വല്ലവന്റെയും ഭാര്യയാണോ എന്നറിയാൻ മറ്റുള്ളവർക്ക് വഴിയുണ്ടാവില്ല' (ഉമ്മമാർക്ക് വേണ്ടി ഒരു സങ്കട ഹരജി, എം.എൻ കാരശ്ശേരി) തുടങ്ങിയ നിരീക്ഷണങ്ങൾ മതേതര മൂല്യങ്ങളെ ശരിവെക്കുന്നുവെന്ന് മാത്രമല്ല, അതിനകത്ത് ഒതുങ്ങിയിരിക്കുന്ന മതത്തെയും തൃപ്തിപ്പെടുത്തുന്നുണ്ട്. മതേതരമെന്നാൽ സർവരും അവരുടെ വിശ്വാസാചാരങ്ങൾ ഏറ്റവും ശക്തമായി പാലിക്കുമ്പോൾ നിലനിൽക്കുന്നതാണെന്ന് ഏറെ ആഘോഷപൂർവം നമ്മൾ പറയാറുണ്ട്. പക്ഷേ, ചില പ്രത്യേക വിഭാഗങ്ങൾ ഇതിൽനിന്ന്പുറത്താണെന്ന് അബോധമായിട്ടെങ്കിലും നമ്മൾ സമ്മതിക്കുകയാണ്.

എസ്.ഐ.ഒ നടത്തിയ ഫിലിം സ്റ്റഡീ ക്യാമ്പിൽ, ക്യാമ്പംഗങ്ങളോട് മതേതരയായ ഒരു പെൺകുട്ടിയുടെ വസ്ത്രവും പേരും ഡിസൈൻ ചെയ്യാൻ പറഞ്ഞപ്പോൾ മുഴുവനാളുകളും ശിരോവസ്ത്രമില്ലാത്ത പെൺകുട്ടിയെയാണ് ഡിസൈൻ ചെയ്തത്. സെക്യുലറായ ഒരു വ്യക്തിയുടെ രൂപം നമ്മുടെ മുന്നിൽ വളരെ നേരത്തെ തന്നെ നിർമിക്കപ്പെട്ടിട്ടുണ്ട് എന്നതുകൊണ്ടാണ് ഈ രൂപ കൽപനകൾ ഉണ്ടായത്. ഒരു സുഹൃത്തിന്റെ കുഞ്ഞിന് പേരിടുന്നതിനെക്കുറിച്ച് കാമ്പസിലെ കുറെയാളുകളെ വിളിച്ചുകൂട്ടി അഭിപ്രായം ചോദിച്ചു. അദ്ദേഹം കുട്ടിക്ക് നൽകാൻ ആഗ്രഹിച്ച് പേര് ശേബയാണെന്ന് പറഞ്ഞപ്പോൾ ഉടനെ വിദ്യാർഥികൾ അഭിപ്രായം പറഞ്ഞു: കുറച്ചുകൂടി മതേതരമായ പേരാകുന്നതാണ് നല്ലത്. മതേതരമായ പേര് നിർദേശിക്കാൻ പറഞ്ഞപ്പോൾ 'ദുർഗ' എന്നായിരുന്നു മറുപടി. ഈ സംഭവത്തിലൂടെയും പുറത്ത് വരുന്നത് ഇമേജ് ചെയ്യപ്പെട്ട മതേതരത്വത്തിന്റെ രൂപങ്ങൾ തന്നെയാണ്. ആരാണ് മതേതരമാവുന്നത്, ആർക്കാണ് മതേതരമാവാൻ സാധിക്കാത്തത് എന്നത് ഇതിലൂടെ വ്യക്തമാണ്.

മതേതര മൂല്യങ്ങൾക്കു ടിപ്പണി നടത്തുന്ന കാരശ്ശേരിയുടെ വീടിന്റെ പേര് 'അമ്പാടി' എന്നാണ്. ദാറുസ്സലാം എന്ന പേരിന് തീവ്രവാദ ചുവയുണ്ടെന്നും അമ്പാടിക്കുള്ളത് മതേതര രുചിയാണെന്നും പറയുന്ന വ്യക്തിയാണ് പർദക്കെതിരെ കൃമിക്കടിയുമായി രംഗത്ത് വന്നിരിക്കുന്നത്. യുക്തിവാദികളുടെ വീടിന്റെ പേരുകൾ, അവരുടെ മക്കളുടെ പേരുകൾ എന്നിവ ശ്രദ്ധിച്ചാലും ഈ കാര്യം ബോധ്യമാവുന്നതാണ്. മതേതരമെന്ന കുടിലിൽ വിശ്രമിക്കാൻ അവകാശമുള്ളത് ഒരു മതത്തിനു മാത്രമാണെന്ന് പറയുമ്പോൾ എല്ലാവർക്കും സാധ്യമായ ഒരു സെക്യുലർ ഇടത്തെയാണ് നമ്മൾ അന്വേഷിക്കേണ്ടത്. നമ്മുടെ കലാലയങ്ങളിൽ/ സമൂഹത്തിൽ സർവർക്കും ഇടപെടാൻ പറ്റുന്ന രീതിയിൽ 'മതേതരം' വികസിച്ചിരുന്നോ? ഇടതു മതേതര വിദ്യാർഥി സംഘടനകൾ പ്രതിനിധാനം ചെയ്തി

രുന്ന മൂല്യങ്ങൾ ആരുടേതായിരുന്നു? എന്തുകൊണ്ടാണ് കാമ്പസുകളിൽ ശിരോവസ്ത്രവും മത സംഘടനകളും (ഇവർ ഉദ്ദേശിക്കുന്നത് ഇസ്‌ലാമിക വിദ്യാർഥി രാഷ്ട്രീയത്തെയാണ്) വ്യാപകമായത്? ഈ ചോദ്യങ്ങളുടെ വിശകലനത്തിലൂടെ സത്യസന്ധമായി ഒരാൾക്ക് എത്തിച്ചേരാൻ കഴിയുന്നത് ഏറെ വികസിച്ച ഒരു രാഷ്ട്രീയത്തിലേക്കാണ്.

ലോകത്ത് പർദ ആത്മവിശ്വാസത്തിന്റെയും ഫാഷന്റെയും വസ്ത്രമായി ഏറെ പ്രചാരം നേടിയത് ഇറാൻ വിപ്ലവത്തിനു ശേഷമാണ്. പർദ ധരിച്ച സ്ത്രീകൾ ഏകാധിപത്യത്തിനെതിരെ പോരാടിയ ചിത്രങ്ങളും വാർത്തകളും പ്രചരിച്ചതോടെയാണ് പർദ വ്യാപകമാകാൻ തുടങ്ങിയത്. പക്ഷേ, ഇന്ത്യയിൽ ഇത് വ്യാപകമായത് (പ്രത്യേകിച്ചും കേരളത്തിൽ) ബാബരി മസ്ജിദിന്റെ തകർച്ചയോടെയാണ്. പർദക്ക് ഒരു കേവല വസ്ത്രമെന്നതിലുപരി പ്രതിരോധത്തിന്റെ മാനം കൂടിയുണ്ട്. ഈ പ്രതിരോധത്തിനെതിരെയുള്ള അസഹിഷ്ണുതയാണ് പർദ പേടിയുടെ പിന്നിലെ രാഷ്ട്രീയം. സ്ത്രീ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഒരു പ്രശ്നം മാത്രമല്ലയിത്.

ബാബരി മസ്ജിദിന്റെ തകർച്ചയോടെയാണ് മുസ്‌ലിം രാഷ്ട്രീയവും മുസ്‌ലിംകൾ നടത്തുന്ന പത്ര പ്രസിദ്ധീകരണങ്ങളും വർധിക്കാൻ തുടങ്ങിയത്. ദേശനിർമിതിയുടെ അനുബന്ധങ്ങളായ കോൺഗ്രസ്, കമ്യൂണിസം, ഗാന്ധിസം തുടങ്ങിയ ചരിത്ര വിശകലന രീതികളിൽനിന്നും രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽനിന്നും വേറിട്ട് സ്വന്തം കാലിൽ നിൽക്കാൻ ഏറെ ശ്രമങ്ങൾ നടന്ന സന്ദർഭമായിരുന്നു അത്. മുസ്‌ലിംകൾ നടത്തുന്ന പത്രങ്ങളുടെ സർക്കുലേഷൻ വർധിച്ചതും ഈ സമയത്തായിരുന്നു. മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ, രാഷ്ട്രീയ പ്രവർത്തനങ്ങൾ, പർദയുടെ വർധന ഇവയുടെ അഭാവത്തിൽ വളർന്നു വികസിച്ച ദൃശ്യപരതയുടെ ചട്ടകൂടുകൾക്ക് ശക്തമായ ആഘാതമായിരുന്നു ഈ മുന്നേറ്റങ്ങൾ. ദൃശ്യപ്പെടാൻ ചില നിശ്ചിത രൂപങ്ങളാണ് ഇവിടെ നിർമിച്ചിട്ടുള്ളത്. അതിനകത്തുനിന്നും പുറത്ത് കടക്കുന്ന ഏതു പ്രവർത്തനങ്ങളെയും വസ്ത്രങ്ങളെയും ദേശനിർമിതിയുടെ പുറത്തുള്ള ശരീരങ്ങളായി അപരവത്കരിക്കുന്നതാണ്.

ഒടുവിൽ ബെൽജിയം ശിരോവസ്ത്രം നിരോധിച്ചപ്പോഴും ഇന്ത്യയിലെ പരമോന്നത നീതിപീഠം പർദയെ പരാമർശിച്ചപ്പോഴും നിരത്തിയ കാരണങ്ങൾ ഐഡന്റിറ്റി വ്യക്തമല്ല എന്നതായിരുന്നു. ഇന്ത്യയിൽ ഏറെ സ്വീകാര്യത നേടിയ നെഹ്റുവിയൻ പ്രോജക്ട്, കീഴാള ജനവിഭാഗങ്ങളോട് 'ദേശത്തിന്റെ നിർമിതിക്ക് വേണ്ടി ഐഡന്റിറ്റികൾ ത്യജിക്കണം' (നെഹ്റു–Dames are the temples of Modern India) എന്നാണ് പറഞ്ഞത്. ഐഡന്റിറ്റികൾ സ്വയം ത്യജിച്ചവർ ന്യായമായ പ്രതിരോധത്തിന് വേണ്ടി സ്വയം വെളിപ്പെടാൻ തീരുമാനിച്ചപ്പോൾ അതിനെതിരെ കലിതുള്ളുന്നവർ യഥാർഥത്തിൽ പറയുന്നത് നിങ്ങൾ ദൃശ്യപ്പെടാതെ സ്വയം ത്യാഗം ചെയ്യണമെന്നാണ്. അവർ സ്വയം ത്യജിച്ച് നിർമിക്കുന്ന ദേശം ആരുടേതാണെന്ന ചോദ്യത്തോടെ പർദയും ഇസ്‌ലാമിക രാഷ്ട്രീയവും ശക്തമായി രംഗത്തുവന്നത് പതിനെട്ടാം നൂറ്റാണ്ടിന്റെ ശേഷിപ്പുകളിൽ കെട്ടിപ്പൊക്കിയ അധികാരത്തിന്റെ/എഴുത്തിന്റെ പൊതു വ്യവഹാരങ്ങളുടെ മാനദണ്ഡങ്ങളെ ചോദ്യം ചെയ്തുകൊണ്ടാണ്. നിരന്തരം സംശയിച്ചുകൊണ്ടാണ് സ്ഥിരീകരിക്കപ്പെട്ട സ്ഥാനപ്പെടുത്തലുകളെ മാറ്റിമറിക്കാൻ ഈ രംഗപ്രവേശത്തിനു സാധിച്ചത്. ഈ രംഗപ്രവേശത്തോടെ ഇന്ത്യയിൽ രൂപപ്പെട്ടുവന്ന സംഘർഷമാണ് 'സ്ഥിതി' സംരക്ഷകരെ അലട്ടുന്നത്.

വരേണ്യ സ്ത്രീവാദ ധാരകളുടെ സമന്വയത്തിലൂടെ രൂപപ്പെട്ട കുത്തകാധീശത്വത്തെ അപനിർമിക്കാൻ പാരമ്പര്യ മതേതര വീക്ഷണങ്ങൾ അപര്യാപ്തമാണ്. അവഗണിത ജനവിഭാഗങ്ങളുടെ ചരിത്ര പ്രവേശനത്തെ സഹായിച്ച ഈ ഇടപെടൽ മൂലമാണ് അറുപതുകളിൽ സ്ത്രീകൾക്ക് സ്വതന്ത്ര മാനിഫെസ്റ്റോകളും സമര പ്രതിരോധ പ്രസ്ഥാനങ്ങളും രൂപപ്പെടുത്താൻ സാധ്യമായത്. ഇതേസമയം പിന്നാക്ക ജനവിഭാഗങ്ങളിലെ സ്ത്രീകളെ കുറിച്ചുള്ള നേരിയ സൂചനകൾ പോലും ഉന്നയിക്കാത്ത കേരളീയ സ്ത്രീവാദങ്ങൾ സവർണ ഉദാര പുരുഷന്മാരോട് ശൃംഗരിക്കുന്നതാണ്. അതുകൊണ്ടാണ് പർദക്കെതിരെ ഉദാര സ്ത്രീവാദികളും സ്വത്വ രാഷ്ട്രീയ വാദികളും ഏകോപിക്കുന്നത്. ഇസ്‌ലാമിന്റെ ഉള്ളടക്കങ്ങളിലുള്ള രാഷ്ട്രീയത്തെ ക്രൂരമായി തമസ്കരിക്കുകയും പകരം സാംസ്കാരിക ഇസ്‌ലാമിനെ പ്രമോട്ട് ചെയ്യുകയും ചെയ്യുന്നതിൽ ഉദാര മാനവിക രാഷ്ട്രീയം പോലെതന്നെ സ്വത്വ രാഷ്ട്രീവും അപകടകരമായ പ്രവണതകളാണ് പിന്തുടരുന്നത്. ഇസ്‌ലാം, ഇസ്‌ലാമിക പ്രസ്ഥാനം എന്നിവയിലുള്ള രാഷ്ട്രീയധ്വനികൾക്ക് പകരം മുസ്‌ലിം സാമുദായികതയുടെ സാംസ്കാരിക സ്വത്വങ്ങളിൽ അതിനെ തളച്ചിടാനാണ് സ്വത്വരാഷ്ട്രീയവാദികൾ ശ്രമിച്ചുകൊണ്ടി

രിക്കുന്നത്.

ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ ഉണർവുകളിൽ 'മതനിരപേക്ഷത'ക്ക് വേണ്ടതിലധികം അസ്വസ്ഥതകളുണ്ടാകുമ്പോൾ, മതേതരം വേണ്ടത്ര സഹിഷ്ണുത ചില പ്രത്യേക വിഭാഗങ്ങളോട് പുലർത്തുന്നില്ല എന്നുതന്നെയാണ് മനസ്സിലാവുന്നത്. അവരവരുടെ വാദങ്ങളെ തുറന്നു പ്രചരിപ്പിക്കാനുള്ള പുതിയ രാഷ്ട്രീയ അന്വേഷണങ്ങൾ സാധ്യമാകുന്ന ഒരിടം മതനിരപേക്ഷതയുടെ കാവൽക്കാർ തുറന്നിട്ടില്ല. ശിരോവസ്ത്രം ധരിക്കുന്നവർക്കും നമസ്കരിക്കുന്നവർക്കും ഇടം കൊടുക്കാൻ കഴിയാത്തവിധം ആധിപത്യ മൂല്യങ്ങൾ കുടിൽകെട്ടി താമസമുറപ്പിച്ചതായിരുന്നു നമ്മുടെ മതേതര ദേശനിർമിതി വ്യവഹാരങ്ങൾ. ശിരോവസ്ത്രം ധരിക്കുമ്പോൾ മതേതരമല്ലാതാവുകയും ശിരോവസ്ത്രമില്ലാതാവുമ്പോൾ മതേതരമാവുകയും ചെയ്യുന്ന വിവേചനപരമായ യുക്തി തന്നെയാണ് മതേതരത്വം പാലിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യൻ ജനാധിപത്യത്തെ ലോകത്ത് ഏറ്റവും വിശാലമാക്കിയത് വ്യത്യസ്ത ധാരകളെ ഉൾക്കൊള്ളാനുള്ള അതിന്റെ ശേഷിയായിരുന്നു. പക്ഷേ ആ കരുത്തിനെ ചോർത്തിക്കളയുന്ന രീതിയിലാണ് പല ജനവിഭാഗങ്ങളെയും അത് ഉൾക്കൊണ്ടിരിക്കുന്നത്. ഈ നാട്യങ്ങൾക്ക് നേരെയുള്ള കൂർത്ത ചോദ്യങ്ങളാണ് വിശാലമായ ഒരു രാഷ്ട്രീയ മുൻകൈക്ക് ശക്തിയേകുന്നത്. ■

shihabpktrsio@gmail.com